# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം. പി.ആർ. 287/2024 തിരുവനന്തപുരം, തീയതി: 26/12/2024

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2024 ജൂലൈ മാസം നടന്ന എട്ടാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.എ/ബി.കോം/ബി.ബി.എ എൽ.എൽ.ബി ബിരുദ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും 2025 ജനുവരി 3 വരെ അപേക്ഷിക്കാവുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ (www.keralauniversity.ac.in).

### ടൈംടേബിൾ

കേരളസർവകലാശാല 2025 ഫെബ്രുവരി 3 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എൽ.എൽ.എം ഡിഗ്രി പരീക്ഷയുടെ വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ് (www.keralauniversity.ac.in).

### വൈവ വോസി

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ എം.ബി.എ വിദ്യാർത്ഥികളിൽ ഒരു MOOC സർട്ടിഫിക്കറ്റ് കൈവശമുള്ളവരും രണ്ടാമത്തെ പരീക്ഷയുടെ ഫലം കാത്തിരിക്കുന്ന വിദ്യാർത്ഥികൾക്കായി വൈവവോസി പരീക്ഷ 2025 ജനുവരി 8 ന് കാര്യവട്ടം ഐ.എം.കെ ക്യാമ്പസിൽ വച്ച് നടത്താൻ തീരുമാനിച്ചിരിക്കുന്നു. 2024 ഡിസംബർ 4 മുതൽ ഡിസംബർ 13 വരെ വിവിധ കോളേജുകളിൽ നടത്തിയ വൈവ വോസി പരീക്ഷയിൽ മേൽപ്പറഞ്ഞ കാരണത്താൽ പങ്കെടുക്കാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് മാത്രം ബാധകമാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

### സൂക്ഷ്മപരിശോധന

കേരളസർവകലാശാല അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൻ.എൽ.ബി ജൂൺ 2024 പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2024 ഡിസംബർ മാസം 28, 30, 31 തീയതികളിൽ റീവാലുവേഷൻ (EJ.X) വിഭാഗത്തിൽ എത്തിച്ചേരേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**